**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 220** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഡ് ഗ്രേ പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനും അക്രമമുണ്ടായാൽ പാലിക്കേണ്ടതുമായ നടപടിക്രമങ്ങൾ അടങ്ങുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ വികസിത രാജ്യങ്ങളിൽ നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. |
| (ബി) | വികസിത രാജ്യങ്ങളിലെ മാതൃകയിൽ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ ആവിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനും അക്രമമുണ്ടായാൽ പാലിക്കേണ്ടതുമായ നടപടിക്രമങ്ങൾ അടങ്ങുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ കരട് രൂപപ്പെടുത്തുകയും ആയതിന്മേൽ ആരോഗ്യ വകുപ്പിലെയും പോലീസ് വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുകയും വർക്ക് ഷോപ്പിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ കോഡ് ഗ്രേ പ്രോട്ടോകോളിന്റെ അന്തിമ കരട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ആശുപത്രികളിൽ സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഓരോ ആശുപത്രിയിലേയും സാഹചര്യവും പ്രത്യേകതകളും പരിഗണിച്ച് സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | ആരോഗ്യ പ്രവർത്തകർക്ക് നേരെരെയുള്ള അതിക്രമങ്ങൾ തടയാൻ ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരളത്തിലെ താലൂക്ക് & ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അടിയന്തിര സെക്യൂരിറ്റി ഓഡിറ്റ് പോലീസ് വിഭാഗത്തിന്റെയും ജില്ലാ കലക്ടർമാരുടെയും സഹായത്തോടെ നടത്തി. എല്ലാ സ്ഥാപനങ്ങളിലും സി.സി.ടി.വി. അടക്കമുള്ള സെക്യൂരിറ്റി സൗകര്യങ്ങളും എക്സ്-സർവ്വീസുമാരുടെയും സെക്യൂരിറ്റി സർവീസും ഉറപ്പാക്കാനും നിർദ്ദേശം നൽകി. ഹോസ്പിറ്റൽ പ്രൊട്ടക്ഷൻ ആക്റ്റിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി, പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചു. |

| | | | |
|---|---|---|---|
| | | | കോഡ് ഗ്രേ പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പിലെയും പോലീസ് വകുപ്പിലെയും വിദഗ്ദരുടെ വർക്ക് ഷോപ്പ് നടത്തി തയ്യാറാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജിലെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുന്നതിനായി ബഹു. ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ **20/05/2023 -** ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങളുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും വൈസ് പ്രിൻസിപ്പാൾ / ആർ.എം.ഒ / മെഡിക്കൽ ഓഫീസർ / സെക്യൂരിറ്റി ഓഫീസർ എന്നിവരടങ്ങുന്ന ഒരു സെക്യൂരിറ്റി കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയത് അതനുസരിച്ച് സെക്യൂരിറ്റി കമ്മിറ്റിയെ രൂപീകരിക്കാൻ വകുപ്പിനു കീഴിലെ എല്ലാ മെഡിക്കൽ കോളേജുകൾക്കും നിർദ്ദേശം നൽകുകയും ആയത് മികച്ച രീതിയിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ മന്ത്രിതല മീറ്റിംഗിന്റെ വെളിച്ചത്തിൽ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ **Gap analysis** നടത്തി സെക്യൂരിറ്റി ഓഡിറ്റ് നടത്താൻ നിർദ്ദേശം നൽകുകയും ആയത് അനുസരിച്ച് മെഡിക്കൽ കോളേജുകളിൽ സെക്യൂരിറ്റി ഓഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>വൈദ്യ പരിശോധനയ്ക്കോ/ മെഡക്കോ ലീഗൽ പരശോധനയ്ക്കോ ആളുകളെ/ പ്രതികളെ മജിസ്ട്രേറ്റിന് മുമ്പാകെയോ മെഡിക്കൽ പ്രാക്ടീഷണർ മുമ്പാകെയോ ഹാജരാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ/ മാർഗനിർദ്ദേശങ്ങൾ/ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിഷയത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഡി) | സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനം മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമം തടസ്സമാകുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള **Kerala Healthcare Persons and Health Care Service Institutions (Prevention of Violence & Damage to Property) Act , 2012 -** ൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സേവനങ്ങൾ നൽകുന്നതിന് തടസ്സമാകുന്നില്ല, മറിച്ച് ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷിതരായി തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാൻ വളരെയധികം സഹായകരമാണ്. കൂടാതെ, ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാ സമയം തന്നെ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ